# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

നവംബർ 25

**November 25** **`2020**

**1195 വൃശ്ചികം 10 ബുധൻ**

# പത്രക്കുറിപ്പ്-1



www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657


**തദ്ദേശ തെരഞ്ഞെടുപ്പ്: മീഡിയാ റിലേഷൻസ് സമിതി രൂപീകരിച്ച് ഉത്തരവായി**

തദ്ദേശ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തെരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാധ്യമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മാർഗനിർദേശങ്ങൾ ലംഘിച്ചതായുള്ള പരാതികളിന്മേലും മാധ്യമ സംബന്ധിയായ കാര്യങ്ങളിലും തീർപ്പ് കൽപ്പിക്കുന്നതിന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറെ സഹായിക്കുന്നതിനായി ജില്ലാതല മീഡിയാ റിലേഷൻസ് സമിതി രൂപീകരിച്ച് ജില്ലാകളക്ടറും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറുമായ പി.ബി. നൂഹ് ഉത്തരവായി.

ജില്ലാ കളക്ടർ ചെയർമാനായ സമിതിയിൽ പിആർഡി മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ഉണ്ണിക്കൃഷ്ണൻ കുന്നത്ത്, ജില്ലാ ലോ ഓഫീസർ ജെ. മധു, പ്രസ് ക്ലബ് സെക്രട്ടറി ബിജു കുര്യൻ എന്നിവർ അംഗങ്ങളും ജില്ലാ ഇൻഫർമേഷൻ ഓഫീസർ സി. മണിലാൽ കൺവീനറുമാണ്. കളക്ടറേറ്റിലെ കെ വിഭാഗം ജൂനിയർ സൂപ്ര ം അസിസ്റ്റന്റ് നോഡൽ ഓഫീസറുമായ മുഹമ്മദ് ഷാഫി, സീനിയർ ക്ലർക്കുമാരായ ബി. സുരേഷ് കുമാർ, റിനി റോസ് തോമസ് എന്നിവരാണ് ഓഫീസ് പ്രവർത്തനങ്ങൾ നിർവഹിക്കുന്നത്.

മാധ്യമ പ്രവർത്തനങ്ങൾക്കായുള്ള മാർഗനിർദേശങ്ങൾ പാലിക്കുന്നുേ ാ എന്നു നിരീക്ഷിക്കുന്നതിനും ആവശ്യമെങ്കിൽ തുടർ നടപടികൾ ശുപാർശ ചെയ്യുന്നതിനുമാണ് സമിതി രൂപീകരിച്ചത്. സമിതിയുടെ ശുപാർശകളിന്മേൽ ഉചിതമായ തീർപ്പ് കൽപ്പിക്കുന്നതിന് ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അധികാരപ്പെടുത്തിയിട്ടു ്. ജില്ലാതല മീഡിയാ റിലേഷൻസ് സമിതിയുടെ തീരുമാനങ്ങളിന്മേലുള്ള അപ്പീൽ അപേക്ഷകൾ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിക്കണം.

തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വാർത്താ മാധ്യമങ്ങളുടെ പ്രവർത്തനം മാതൃകാപരമായി നിർവഹിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ:

1. ഒരു നിയോജകമണ്ഡലത്തിലെ തെരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പിന്റെ സമാപനത്തിന് നിശ്ചയിച്ചിട്ടുള്ള സമയത്തോടെ അവസാനിക്കുന്ന 48 മണിക്കൂർ കാലയളവിൽ യാതൊരാളും നിയോജകമണ്ഡലങ്ങളിൽ ഏതെങ്കിലും പൊതുയോഗം വിളിച്ചു കൂട്ടുകയോ നടത്തുകയോ അല്ലെങ്കിൽ അതിൽ സന്നിഹിതനാകുകയോ ചെയ്യാൻ പാടില്ലെന്ന് കേരള പഞ്ചായത്ത് രാജ് ആക്ടിലെ 122-ാം വകുപ്പിലും കേരള മുൻസിപ്പാലിറ്റി ആക്ടിലെ 146-ാം വകുപ്പിലും അനുശാസിച്ചിട്ടു ്.

2. വോട്ടെടുപ്പ് സമാപനത്തിന് 48 മണിക്കൂർ സമയപരിധിയിൽ ഒരു മാധ്യമത്തിലൂടെയും തെരഞ്ഞെടുപ്പ് ഫലത്തെ സ്വാധീനിക്കുന്നതോ, ബാധിക്കുന്നതോ ആയ പ്രചാരണങ്ങൾ നടത്തരുതെന്ന് 1951- ലെ ജനാധിപത്യ നിയമത്തിലെ 126 -ാം വകുപ്പിൽ നിഷ്കർഷിച്ചിട്ടു ്. തദ്ദേശസ്വയംഭരണ പൊതുതെരഞ്ഞെടുപ്പിനും ഇത് ബാധകമാണ്.

3. ഒരു പ്രത്യേക രാഷ്ട്രീയ കക്ഷിക്കോ സ്ഥാനാർഥിക്കോ അനുകൂലമാകുന്നതോ, പ്രതികൂലമാകുന്നതോ ആയ രീതിയിൽ എക്സിറ്റ് പോൾ നടത്തുന്നതും അത് സംബന്ധിച്ച ഫലപ്രഖ്യപനവും മറ്റുള്ളവരെ അറിയിക്കുന്നതും തടഞ്ഞുകൊ ുള്ള 1951 ലെ ജനപ്രാതിനിധ്യ നിയമത്തിലെ 126 (എ) വകുപ്പിലെ വ്യവസ്ഥകൾ തദ്ദേശ്വയംഭരണ തെരഞ്ഞെടുപ്പിനും ബാധകമാണ്. ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ ഒരു തരത്തിലുള്ള സംപ്രേഷണത്തിലും ഇത്തരത്തിലുള്ള ഉള്ളടക്കം ഉ ാവാതെ ശ്രദ്ധിക്കേ താണ്.

4. തെരഞ്ഞെടുപ്പ് പ്രഖ്യാപനം നിലവിൽ വന്നശേഷം കേബിൾ നെറ്റ്വർക്ക് (റെഗുലേഷൻ) ആക്ടിലെ വ്യവസ്ഥകൾ കർശനമായി പാലിക്കാൻ ബന്ധപ്പെട്ട സ്ഥാപനങ്ങളും അക്കാര്യം ഉറപ്പാക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥരും ജാഗ്രത പാലിക്കണം. പൊതുതെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് മാധ്യമങ്ങൾക്കായി ഇന്ത്യൻ ബ്രോഡ്കാസ്റ്റിംഗ് ഫൗ ഷൻ എന്ന സ്ഥാപനത്തിൽ അംഗങ്ങളായ ടിവി ചാനലുകൾക്ക് വേ ി രൂപീകൃതമായിട്ടുള്ള ബ്രോഡ്കാസ്റ്റ് ക ന്റ് കംപ്ലയിന്റ് കൗൺസിൽ നൽകിയിട്ടുള്ള മാഗനിർദേശങ്ങൾ പാലിക്കണം.

5. പൊതുതെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് അച്ചടി മാധ്യമങ്ങൾക്കായി പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ പ്രസിദ്ധം ചെയ്തിട്ടുള്ള മാർഗനിർദേശങ്ങൾ തദ്ദേശഭരണ തെരഞ്ഞെടുപ്പിനും ബാധകമാണ്.

6. തെരഞ്ഞെടുപ്പ് സംപ്രേഷണം സംബന്ധിച്ച് എൻ.ബി.എസ്.എ (ന്യൂസ് ബ്രോഡ്കാസ്റ്റിംഗ് സ്റ്റാൻഡേർഡ് അതോറിറ്റി) നൽകിയിട്ടുള്ള മാർഗ നിർദേശങ്ങളും പാലിക്കണം.

7. തദ്ദേശസ്വയംഭരണ പൊതുതെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധം ചെയ്തിട്ടുള്ള മാധ്യമ പ്രവത്തനങ്ങളുമായി ബന്ധപ്പെട്ട് മാർഗനിർദേശങ്ങൾ ലംഘിച്ചതായുള്ള പരാതികളിൻമേലും അല്ലെങ്കിൽ മറ്റേതെങ്കിലും മാധ്യമ സംബന്ധിയായ കാര്യങ്ങളിൽ തീർപ്പ് കൽപ്പിക്കുന്നതിനും ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറെ സഹായിക്കുന്നതിനായി ജില്ലാതല മീഡിയാ റിലേഷൻസ് സമിതി രൂപീകരിച്ചിട്ടു ്.

(തദ്ദേശം 76/20)

## പൂങ്കാവനത്തെ ശുചിയാക്കി വിശുദ്ധിസേനാംഗങ്ങൾ; ശുചീകരണത്തിന് നിയോഗിച്ചിരിക്കുന്നത് 225 പേരെ

ശബരിമല മണ്ഡല- മകരവിളക്ക് തീർഥാടന കാലത്ത് പൂങ്കാവനത്തെ ശുചിത്വ പൂർണമാക്കി ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ വിശുദ്ധിസേനാംഗങ്ങൾ കർമനിരതരാണ്. ശുചീകരണത്തിനായി 225 വിശുദ്ധിസേനാംഗങ്ങളെയാണ് സന്നിധാനം,

പമ്പ, നിലയ്ക്കൽ ബേയ്സ്ക്യാമ്പ്, പന്തളം, കുളനട എന്നിവിടങ്ങളിലായി നിയോഗിച്ചിരിക്കുന്നത്. അഖില ഭാരത അയ്യപ്പസേവാ സംഘം തമിഴ്നാട് യൂണിറ്റാണ് വിശുദ്ധിസേനാംഗങ്ങളെ ശബരിമല സാനിറ്റേഷൻ സൊസൈറ്റിക്ക് ലഭ്യമാക്കിയിരിക്കുന്നത്. ജില്ലാ കളക്ടർ പി.ബി. നൂഹ് ചെയർമാനായ ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ മെമ്പർ സെക്രട്ടറി അടൂർ ആർഡിഒ എസ്. ഹരികുമാറാണ്.

സന്നിധാനം 100, പമ്പ 50, നിലയ്ക്കൽ ബേയ്സ്ക്യാമ്പ് 50, പന്തളം 20, കുളനട അഞ്ച്, എന്നിങ്ങനെയാണ് വിശുദ്ധിസേനാംഗങ്ങളെ നിയോഗിച്ചിരിക്കുന്നത്. പ്ലാസ്റ്റിക്ക് ഒഴികെയുള്ള മാലിന്യങ്ങൾ തരംതിരിച്ച് സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ ഇൻസിനറേറ്ററിൽ എത്തിച്ച് സംസ്ക്കരിക്കുന്നു. സന്നിധാനത്തെയും പമ്പയിലേയും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ പമ്പയിലെത്തിച്ച് ശുചിത്വ മിഷൻ വഴി സംസ്ക്കരണത്തിനായി നൽകുന്നു.

വിശുദ്ധിസേനാംഗങ്ങളുടെ സേവനം 24 മണിക്കൂറും ഷിഫ്റ്റ് അടിസ്ഥാനത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഒരു വിശുദ്ധിസേനാംഗത്തിന് ഒരു ദിവസം എട്ട് മണിക്കൂറാണ് ജോലിസമയം. വിശുദ്ധിസേനാംഗങ്ങൾക്ക് യൂണിഫോം, മാസ്ക്ക്, സാനിറ്റൈസർ, കൈയുറ, പായ, പുതപ്പ്, സോപ്പ്, വെളിച്ചെണ്ണ, ഭക്ഷണ സൗകര്യം, താമസ സൗകര്യം തുടങ്ങിയവ ഒരുക്കിയിട്ടു ്. ഇവർക്ക് ഭക്ഷണം കഴിക്കാൻ പാത്രങ്ങളും ഗ്ലാസുകളും നൽകിയിട്ടു ്.

ശുചീകരണത്തിനായി വിശുദ്ധിസേനാംഗങ്ങൾക്ക് ചൂല്, കോരി ഉൾപ്പെടെ ഉപകരണങ്ങളും നൽകിയിട്ടു ്. തമിഴ്നാട്ടിൽ നിന്ന് സേവനത്തിനായി എത്തിയ കോവിഡ് പശ്ചാത്തലത്തിൽ വിശുദ്ധിസേനാംഗങ്ങളെ വെച്ചൂച്ചിറ ജവഹർ നവോദയ വിദ്യാലയത്തിലെ ക്വാറൈന്റെൻ കേന്ദ്രത്തിൽ ഏഴ് ദിവസം നിരീക്ഷത്തിൽ പാർപ്പിച്ചിരുന്നു. നവംബർ ഏഴു മുതൽ 14 വരെയാണ് വിശുദ്ധിസേനാംഗങ്ങൾ നിരീക്ഷണത്തിലിരുന്നത്. ഏഴ് ദിവസത്തെ നിരീക്ഷണത്തിന് ശേഷം കോവിഡ് റാപ്പിഡ് ആന്റിജൻ പരിശോധന നടത്തി നെഗറ്റീവ് റിസൾട്ട് ഉറപ്പാക്കിയതിന് ശേഷമാണ് വിവിധ ഇടങ്ങളിൽ സേവനത്തിന് നിയോഗിച്ചത്.

(പിഎൻപി 4799/20)

## സ്പോട്ട് അഡ്മിഷൻ

ചങ്ങനാശ്ശേരി ഗവ. വനിതാ ഐ.ടി.ഐ യിൽ ഒരു വർഷം ദൈർഘ്യമുള്ള കമ്പ്യൂട്ടർ ഓപ്പറേറ്റർ ആൻഡ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് (എസ്.സി.വി.ടി) ട്രേഡിൽ 2020 വർഷത്തേക്കുള്ള പ്രവേശനത്തിന് ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താത്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകൾ, ആധാർ, ടി.സി, ഫീസ് എന്നിവയുമായി ഐ.ടി.ഐ യിൽ നേരിട്ട് ഹാജരാകണം. കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി. അവസാന തീയതി നവംബർ 30 ന് വൈകിട്ട് അഞ്ച് വരെ. കൂടുതൽ വിവരങ്ങൾക്ക് www.itiwchanganacherry.kerala.gov.in, 8281444863, 9349508073, 04812400500.

(പിഎൻപി 4800/20)

## അപേക്ഷ ക്ഷണിച്ചു

മാവേലിക്കര ഐ.എച്ച്.ആർ.ഡി കോളജ് ഓഫ് അപ്ലൈഡ് സയൻസിൽ പുതിയതായി അനുവദിച്ച ബി.എസ്.സി ഫിസിക്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. താത്പര്യമുള്ളവർ കോളജ് ഓഫീസിൽ ഈ മാസം 29 ന് മുമ്പായി അപേക്ഷാ ഫോം സമർപ്പിക്കണം. അപേക്ഷാഫോം www.ihrd.ac.in ൽ ലഭിക്കും. ഫോൺ : 0479 2304494.

(പിഎൻപി 4801/20)

## അടവി കുട്ടവഞ്ചി സവാരി കേന്ദ്രം 26ന് പ്രവർത്തിക്കില്ല

ദേശീയ പണിമുടക്ക് കണക്കിലെടുത്ത് അടവി കുട്ടവഞ്ചി സവാരി കേന്ദ്രം ഇന്ന്(നവംബർ 26ന്) പ്രവർത്തിക്കില്ലെന്നു കോന്നി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സലിൻ ജോസ് അറിയിച്ചു.

(പിഎൻപി 4802/20)

## സ്കോളർഷിപ്പ്

തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യഭ്യാസ കോഴ്സുകളിൽ പഠിക്കുന്ന 25 വയസിൽ താഴെ പ്രായമുള്ള അവിവാഹിതരും, തൊഴിൽ രഹിതരുമായ വിമുക്ത ഭടന്മാരുടെ ആശ്രിതർക്ക്, അമാൽഗമേറ്റഡ് ഫ ിൽ നിന്നും സ്കോളർഷിപ്പ് നൽകും. വിശദവിവരങ്ങൾക്കും അപേക്ഷാ ഫോമിനും, പത്തനംതിട്ട ജില്ലാ സൈനിക ക്ഷേമ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ നമ്പർ 0468 2222104. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 12.

(പിഎൻപി 4803/20)

## സ്കോളർഷിപ്പ് വിതരണം

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്,അംഗീകൃത സ്വകാര്യ സ്കൂളുകളിൽ 2020-21 അധ്യയന വർഷം ഒൻപത്, 10 ക്ലാസുകളിൽ പഠിക്കുന്നതും കുടുംബ വാർഷിക വരുമാനം ര ലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടിക വർഗ വിദ്യാർഥികൾക്കുള്ള കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് 2020-21 ഇഗ്രാന്റ് 3.0പോർട്ടൽ മുഖേന ഡി.ബി.ടി ആയി വിതരണം ചെയ്യണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടു ്. പട്ടിക വർഗ വികസന വകുപ്പ് പോസ്റ്റ് മെട്രിക് വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് വിതരണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള ഇ-ഗ്രാന്റ് പോർട്ടലിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പ്രീമെട്രിക്സ്കോളർഷിപ്പ് കൂടി 2019-20 ൽ ഉൾപ്പെടുത്തിയിട്ടു ്.

എല്ലാ സർക്കാർ / എയ്ഡഡ് സ്കൂൾ മേധാവികളും മുൻപ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനുള്ള പട്ടിക വർഗ വിദ്യാർഥികളുടെ വിവരങ്ങൾ പട്ടികജാതി വികസന വകുപ്പിന്റെ പോർട്ടലിൽ ലോഗിൻ ചെയ്തതുപോലെ തന്നെ ഒൻപത്, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ വിവരങ്ങളും പട്ടികജാതി വകുപ്പ് മുഖേന ലഭ്യമായിട്ടുള്ള യൂസർ നെയിം, പാസ് വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് കുട്ടികളുടെ വിവരങ്ങൾ www.egrantz.kerala.gov.in എന്ന സ്കോളർഷിപ്പ് പോർട്ടലിലൂടെ ഓൺലൈനായി ഡിസംബർ 31 ന് മുമ്പായി പട്ടികവർഗ വികസന വകുപ്പിന് ലഭ്യമാക്കണം. പട്ടികഗർഗ വിദ്യാർഥികൾ പഠിക്കുന്ന ഏതെങ്കിലും സ്കൂളിന് യൂസർ നെയിം, പാസ് വേർഡ് എന്നിവ ഇനിയും ലഭ്യമായിട്ടില്ലെങ്കിൽ സ്കൂൾ മേധാവി ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസിൽ നിന്നും ആയത് കരസ്ഥമാക്കണം.

പട്ടികവർഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ മെട്രിക് / സബ് സിഡൈസിഡ് ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന പട്ടിക വർഗ വിദ്യാർഥികൾക്കും സ് കോളർഷിപ്പിന് അർഹതയുള്ള സാഹചര്യത്തിൽ കുട്ടികൾ പഠിക്കുന്ന സ്ഥാപന മേധാവികൾ കുട്ടികളുടെ വിവരങ്ങളും ഉൾപ്പെടുത്തണം. ഫോൺ 04735 227703.

(പിഎൻപി 4804/20)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

നവംബർ 25

**November 25** **`2020**

1195 വൃശ്ചികം 10 ബുധൻ

# പത്രക്കുറിപ്പ്-2



www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657


**ജില്ലാ പഞ്ചായത്തിൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി യോഗം ചേർന്നു**

ജില്ലാ പഞ്ചായത്തിലെ നിലവിലു ായിരുന്ന ഭരണസമിതിയുടെ കാലാവധി നവംബർ 11ന് അവസാനിച്ച സാഹചര്യത്തിൽ കേരളാ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം നിലവിൽവന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി യോഗം ചേർന്ന് ജില്ലാ കളക്ടർ പി.ബി. നൂഹിനെ ജില്ലാ പഞ്ചായത്തിന്റെ അധ്യക്ഷനായി തെരഞ്ഞെടുത്തു. കൂടാതെ ജില്ലാ കളക്ടറെ അലോട്ട് മെന്റുകൾ അധികൃതമാക്കുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തു. ജില്ലാ കളക്ടർ പി.ബി. നൂഹ്, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്ട് ഡയറക്ടർ എൻ.ഹരി, ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല വഹിക്കുന്ന എൻ.നന്ദകുമാർ എന്നിവർ അടങ്ങിയ മൂന്നംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണ് അധ്യക്ഷനെ തെരഞ്ഞെടുത്തത്.

പൊതുമരാമത്ത് പ്രവൃത്തികളുടെ ബിൽ തുക നൽകൽ, വിവിധ ഇനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒടുക്കിയ ഡെപ്പോസിറ്റ് തുക തിരിച്ചു നൽകൽ, കോടതി നടപടികളുമായി ബന്ധപ്പെട്ട ചെലവുകൾ, വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകൾ എന്നിവ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികളുടെ അധികാര പരിധിയിൽ കൂട്ടിച്ചേർത്ത് സർക്കാർ ഉത്തരവായി.

ജീവനക്കാർക്കുള്ള ശമ്പളം, പെൻഷൻ, യാത്രാപ്പടി എന്നിവ നൽകുക, വൈദ്യുതി ചാർജ്, കുടിവെള്ള ചാർജ്, ഇന്ധന ചാർജ്, ടെലിഫോൺ ബിൽ, വാടക, പരസ്യ ചാർജ്, നികുതി തുടങ്ങിയവ നൽകൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീസ്, യാത്രപ്പടി എന്നിവ നൽകൽ, എഎംസി തുക സമയമാകുന്ന മുറയ്ക്ക് നൽകൽ, ഭവന പദ്ധതികളുടെ നിലവിലുള്ള ഗുണഭോക്താക്കൾക്ക് അർഹമായ ഗഡു തുക നൽകൽ, അങ്കണവാടികൾ, നഴ്സറികൾ, ബാലവാടികൾ, സ്കൂളുകൾ എന്നിവയ്ക്കുള്ള ഭക്ഷണവിതരണത്തിന്റെ ബില്ല് നൽകൽ, ദിവസ/ സിഎൽആർ ജീവനക്കാരുടെ വേതനം നൽകൽ, കോടതി വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട് നിശ്ചിത സമയപരിധിക്കുള്ളിൽ

തീരുമാനമെടുക്കൽ, ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തന പരിപാടികൾ, ഹരിത കർമ്മസേന പ്രവർത്തനം എന്നിവ യഥാസമയം നിർവഹിക്കൽ തുടങ്ങിയവയാണ് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികളുടെ മറ്റ് അധികാരങ്ങൾ.

കോവിഡ് 19 മഹാമാരിയുമായി ബന്ധപ്പെട്ട് സി.എഫ്.എൽ.ടി.സി, ഐ.ക്യു.സി, ഡി.സി.സി എന്നീ കോവിഡ് കെയർ സെന്ററുകളുടെ നിയന്ത്രണവും ഏകോപനവും, സാമൂഹിക അകലം പാലിക്കൽ, ബ്രേയ്ക്ക് ദി ചെയിൻ പ്രോട്ടോക്കോളുകൾ നടപ്പാക്കുന്നതിനു വേ ിയുള്ള അവബോധന ഇടപെടലുകൾ, സാന്ത്വന ചികിത്സാ രംഗത്ത് ശ്രദ്ധ പതിപ്പിക്കൽ, ഫീൽഡ് തല കോവിഡ് പരിശോധനയുടെ ഏകോപനം, സാമൂഹിക നിരീക്ഷണം, റിവേഴ്സ് ക്വാറന്റീൻ നിരീക്ഷണവും ഏകോപനവും, നിയന്ത്രണ മേഖലയുമായി ബന്ധപ്പെട്ട പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കൽ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുമായും ജില്ലാ മെഡിക്കൽ ഓഫീസറുമായും വിവര വിനിമയ ഏകോപനം എന്നീ അധിക ചുമതലകളും ജില്ലാപഞ്ചായത്ത് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്കു ്.

(പിഎൻപി 4805/20)

**ഫോട്ടോ അടിക്കുറിപ്പ്- ഡിസി-**

ജില്ലാ പഞ്ചായത്തിൽ ജില്ലാ കളക്ടർ പി.ബി. നൂഹിന്റെ അധ്യക്ഷതയിൽ ചേർന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി യോഗം.








കേരളസർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

| നവംബർ 25<br>November 25 | `2020 |
|---|---|

1195 വൃശ്ചികം 10 ബുധൻ

# പത്രക്കുറിപ്പ്-4

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

**പത്തനംതിട്ട ജില്ലയിലെ പുതിയ കണ്ടെയ്ൻമെന്റ് സോണുകൾ**

ഇരവിപേരൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് ഒന്ന് (പൂവപ്പുഴ, നല്ലൂർ സ്ഥാനം, മേത്രക്കോവിൽ ഭാഗം )എന്നീ പ്രദേശങ്ങളിൽ നവംബർ 25 മുതൽ ഏഴു ദിവസത്തേക്ക് കണ്ടെയ്ൻമെന്റ് സോൺ നിയന്ത്രണം.

രോഗം സ്ഥിരീകരിച്ചവരുടെ പ്രാഥമിക സമ്പർക്കപട്ടിക ഉയരുന്നതു കണക്കിലെടുത്ത് പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആരോഗ്യം) ശുപാർശ പ്രകാരമാണ് പുതിയ കണ്ടെയ്ൻമെന്റ് സോണുകൾ പത്തനംതിട്ട ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കളക്ടർ പി.ബി. നൂഹ് പ്രഖ്യാപിച്ചത്. (പിഎൻപി 4809/20)

**കണ്ടെയ്ൻമെന്റ് സോൺ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കി**

അയിരൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് എട്ട് (ചിറപ്പുറം കവലയും ചിറപ്പുറം കോളനിയുള്ള ഭഗവും) പ്രദേശങ്ങളെ നവംബർ 26 മുതൽ കണ്ടെയ്ൻമെന്റ് സോൺ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനും ജില്ലാ മജിസ്ട്രേറ്റും കൂടിയായ ജില്ലാ കളക്ടർ പി.ബി. നൂഹ് ഉത്തരവ് പുറപ്പെടുവിച്ചു.

നിലവിൽ പ്രഖ്യാപിച്ച കണ്ടെയ്ൻമെന്റ് സോൺ നിയന്ത്രണം അവസാനിക്കുന്ന സാഹചര്യത്തിലും, കണ്ടെയ്ൻമെന്റ് സോൺ നിയന്ത്രണം ദീർഘിപ്പിക്കണമെന്നുള്ള പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആരോഗ്യം) ശുപാർശ ലഭ്യമാകാത്ത സാഹചര്യത്തിലുമാണ് ഒഴിവാക്കി ഉത്തരവായത്. (പിഎൻപി 4810/20)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# പത്തനംതിട്ട ജില്ല
## കോവിഡ്-19 കണ്‍ട്രോള്‍ സെല്‍ ബുള്ളറ്റിന്‍
## തീയതി. 25.11.2020

- ജില്ലാതല പ്ലാനിംഗ് മീറ്റിംഗ് രാവിലെ **10** മണിക്ക് ബഹു.ജില്ലാ കളക്ടറുടെ ചേമ്പറില്‍ കൂടി.
- പത്തനംതിട്ട ജില്ലയില്‍ ഇന്ന് **287** പേര്‍ക്ക് കോവിഡ്-**19** സ്ഥിരീകരിച്ചു.
- ഇന്ന് രോഗം സ്ഥിരീകരിച്ചവരില്‍ **9** പേര്‍ വിദേശത്തുനിന്നു വന്നവരും, **12** പേര്‍ മറ്റ് സംസ്ഥാനങ്ങളില്‍ നിന്നും വന്നവരും, **266** പേര്‍ സമ്പര്‍ക്കത്തിലൂടെ രോഗം ബാധിച്ചവരുമാണ്. ഇതില്‍ സമ്പര്‍ക്കപശ്ചാത്തലം വ്യക്തമല്ലാത്ത **61** പേരു ്.

<u>ഇന്ന് രോഗബാധിതരായവരുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ തിരിച്ചുള്ള കണക്ക്</u>

| ക്രമ നമ്പര്‍ | തദ്ദേശസ്വയംഭരണ സ്ഥാപനം | രോഗബാധിതരായവരുടെ എണ്ണം |
|---|---|---|
| **1** | അടൂര്‍<br>(കണ്ണംകോട്, പറക്കോട്, പന്നിവിഴ, അടൂര്‍) | **14** |
| **2** | പന്തളം<br>(കുരമ്പാല, തോന്നല്ലൂര്‍, മങ്ങാരം, പൂഴിക്കാട്, മുടിയൂര്‍കോണം, പന്തളം) | **12** |
| **3** | പത്തനംതിട്ട<br>(വെട്ടിപ്രം, കുമ്പഴ, കണ്ണംകര) | **7** |
| **4** | തിരുവല്ല<br>(ആലംതുരുതതി, മന്നംകരചിറ, മുത്തൂര്‍, കാവുംഭാഗം, കുറ്റപ്പുഴ) | **10** |
| **5** | ആനിക്കാട്<br>(ആനിക്കാട്, നൂറോമ്മാവ്) | **5** |
| **6** | ആറന്മുള | **1** |
| **7** | അരുവാപുലം<br>(കുമ്മണ്ണൂര്‍, നെല്ലിയ്ക്കാപ്പാറ, ഐരവണ്‍) | **4** |
| **8** | അയിരൂര്‍<br>(നെല്ലിയറ, കൈതകോടി, അയിരൂര്‍ നോര്‍ത്ത്) | **3** |
| **9** | ചെന്നീര്‍ക്കര<br>(മുട്ടത്തുകോണം) | **2** |
| **10** | ചിറ്റാര്‍<br>(വില്ലൂന്നിപ്പാറ, ചിറ്റാര്‍) | **4** |
| **11** | ഏറത്ത്<br>(തുയവൂര്‍ നോര്‍ത്ത്, വയല, നെല്ലിമുകള്‍, വടക്കടത്തുകാവ്) | **8** |
| **12** | ഇലന്തൂര്‍<br>(ഇലന്തൂര്‍) | **2** |
| **13** | ഏനാദിമംഗലം | **1** |
| **14** | ഇരവിപേരൂര്‍<br>(ഇരവിപേരൂര്‍, ഓതറ വെസ്റ്റ്, വള്ളംകുളം) | **7** |
| **15** | ഏഴംകുളം<br>(കൈതപ്പറമ്പ്, ഏനാത്ത്, അറുകാലിക്കല്‍ വെസ്റ്റ്, തൊടുവക്കാട്, ഇളങ്ങമംഗലം) | **9** |
| **16** | എഴുമറ്റൂര്‍<br>(വാളക്കുഴി, എഴുമറ്റൂര്‍) | **5** |

| | | |
|---|---|---|
| 17 | കടമ്പനാട്<br>(തുവയൂർ, തുവയൂർ സൗത്ത്, മണ്ണടി, കടമ്പനാട് നോർത്ത്, കടമ്പനാട്) | 24 |
| 18 | കടപ്ര | 1 |
| 19 | കലഞ്ഞൂർ<br>(കൂടൽ, പാടം, കലഞ്ഞൂർ) | 6 |
| 20 | കല്ലൂപ്പാറ<br>(പരിയാരം, കല്ലൂപ്പാറ) | 3 |
| 21 | കവിയൂർ<br>(കവിയൂർ) | 7 |
| 22 | കൊടുമൺ<br>(ഐക്കാട്, കൊടുമൺ ഈസ്റ്റ്, അങ്ങാടിക്കൽ, കൊടുമൺചിറ) | 16 |
| 23 | കോയിപ്രം<br>(പുല്ലാട്) | 3 |
| 24 | കോന്നി<br>(മങ്ങാരം, പയ്യനാമൺ, അതുമ്പുംകുളം) | 9 |
| 25 | കോട്ടാങ്ങൽ<br>(കോട്ടാങ്ങൽ) | 2 |
| 26 | | |
| 27 | കോഴഞ്ചേരി<br>(മാരാമൺ, കോഴഞ്ചേരി) | 3 |
| 28 | കുളനട<br>(മാന്തുക, കുളനട, പനങ്ങാട്) | 10 |
| 29 | കുന്നന്താനം<br>(ആഞ്ഞിലിത്താനം, പാലയ്ക്കാതകിടി, കുന്നന്താനം) | 8 |
| 30 | കുറ്റൂർ<br>(തെങ്ങേലി, വെൺപാല, കുറ്റൂർ) | 6 |
| 31 | മല്ലപ്പള്ളി<br>(മല്ലപ്പള്ളി) | 9 |
| 32 | മെഴുവേലി<br>(ഉള്ളന്നൂർ, ഇലവുംതിട്ട) | 3 |
| 33 | മൈലപ്ര | 1 |
| 34 | നാറാണമ്മൂഴി<br>(കുടമുരുട്ടി, നാറാണമ്മൂഴി) | 2 |
| 35 | നാരങ്ങാനം | 1 |
| 36 | നെടുമ്പ്രം<br>(പൊടിയാടി, കല്ലുങ്കൽ, നെടുമ്പ്രം) | 10 |
| 37 | നിരണം<br>(നിരണം, നിരണം നോർത്ത്) | 6 |
| 38 | പള്ളിക്കൽ<br>(പാറക്കുട്ടം, പള്ളിക്കൽ, കരിമുളയ്ക്കൽ, പഴകുളം, പെരിങ്ങനാട്) | 10 |
| 39 | പന്തളം-തെക്കേക്കര<br>(കീരുകുഴി, പാറക്കര, തട്ട, മല്ലിക, പെരുംമ്പുളിയ്ക്കൽ) | 11 |
| 40 | പെരിങ്ങര<br>(ആലംതുരുത്തി, മേപ്രാൽ, ചാത്തങ്കേരി, പെരിങ്ങര) | 10 |
| 41 | പ്രമാടം | 1 |
| 42 | പുറമറ്റം<br>(വെണ്ണിക്കുളം, മു മല) | 4 |

| | | |
|---|---|---|
| 43 | റാന്നി<br>(റാന്നി) | 5 |
| 44 | റാന്നി അങ്ങാടി | 1 |
| 45 | സീതത്തോട് | 1 |
| 46 | തണ്ണിത്തോട്<br>(എലിമുള്ളുംപ്ലാക്കൽ, കരിമാൻതോട്) | 2 |
| 47 | തോട്ടപ്പുഴശ്ശേരി<br>(മാരാമൺ, ചിറയിറമ്പ്) | 4 |
| 48 | തുമ്പമൺ<br>(തുമ്പമൺ) | 2 |
| 49 | വടശ്ശേരിക്കര<br>(പേഴുംപാറ, ചെറുകുളഞ്ഞി, വടശ്ശേരിക്കര) | 9 |
| 50 | വള്ളിക്കോട്<br>(വള്ളിക്കോട്) | 2 |
| 51 | മറ്റ് ജില്ലക്കാർ | 1 |

- പത്തനംതിട്ട ജില്ലയിൽ രോഗം സ്ഥിരീകരിച്ച ആന്ധ്ര സ്വദേശികളായ **3** പേരെ പ്രസ്തുത സംസ്ഥാനത്തിന്റെ ലിസ്റ്റിലേയ്ക്ക് മാറ്റിയിട്ടു ്.
- ജില്ലയിൽ ഇതുവരെ ആകെ **19432** പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടു ്. ഇതിൽ **15634** പേർ സമ്പർക്കം മൂലം രോഗം സ്ഥിരീകരിച്ചവരാണ്.
- ഇന്ന് ജില്ലയിൽ കോവിഡ് ബാധിതനായ **ഒരാളുടെ** മരണം റിപ്പോർട്ട് ചെയ്തു.
    1) **02.11.2020**-ൽ രോഗബാധ സ്ഥിരീകരിച്ച പയ്യനാമൺ സ്വദേശിനി **(64) 22.11.2020**-ന് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ച് മറ്റ് രോഗങ്ങൾ മൂലമുള്ള സങ്കീർണതകൾ കാരണം മരണമടഞ്ഞു.

- കോവിഡ്-**19** മൂലം ജില്ലയിൽ ഇതുവരെ **105** പേർ മരണമടഞ്ഞു. കൂടാതെ കോവിഡ് ബാധിതരായ **12** പേർ മറ്റ് രോഗങ്ങൾ മൂലമുള്ള സങ്കീർണ്ണതകൾ നിമിത്തം മരണമടഞ്ഞിട്ടു ്.
- ജില്ലയിൽ ഇന്ന് **169** പേർ രോഗമുക്തരായി. ആകെ രോഗമുക്തരായവരുടെ എണ്ണം **17384** ആണ്.
- പത്തനംതിട്ട ജില്ലക്കാരായ **1931** പേർ രോഗികളായിട്ടു ്. ഇതിൽ **1807** പേർ ജില്ലയിലും, **124** പേർ ജില്ലയ്ക്ക് പുറത്തും ചികിത്സയിലാണ്.

- ജില്ലയിൽ ഐസൊലേഷനിലുള്ളവരുടെ എണ്ണം.

| ക്രമ നമ്പർ | ആശുപത്രികൾ/ **CFLTC/CSLTC** | എണ്ണം |
|---|---|---|
| 1 | ജില്ലാ ആശുപത്രി കോഴഞ്ചേരി | 111 |
| 2 | റാന്നി മേനാംതോട്ടം **CSLTC** | 28 |
| 3 | പന്തളം അർച്ചന **CFLTC** | 63 |
| 4 | കോഴഞ്ചേരി മുത്തൂറ്റ് **CSLTC** | 126 |
| 5 | പെരുനാട് കാർമ്മൽ **CFLTC** | 59 |
| 6 | പത്തനംതിട്ട ജിയോ **CFLTC** | 67 |
| 7 | അടൂർ ഗ്രീൻവാലി **CFLTC** | 74 |
| 8 | നെടുമ്പ്രം **CFLTC** | 34 |
| 9 | മല്ലപ്പള്ളി **CFLTC** | 64 |

| | | |
|---|---|---|
| 10 | കോവിഡ്-19 ബാധിതരായി വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവർ | 836 |
| 11 | സ്വകാര്യ ആശുപത്രികളിൽ | 103 |
| ആകെ | | 1565 |

- ജില്ലയിൽ 3717 കോൺടാക്ടുകൾ നിരീക്ഷണത്തിൽ ഉ ്. വിദേശത്തുനിന്നും തിരിച്ചെത്തിയ 2884 പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ 4145 പേരും നിലവിൽ നിരീക്ഷണത്തിലാണ്. വിദേശത്തുനിന്നും ഇന്ന് തിരിച്ചെത്തിയ 126 പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇന്ന് എത്തിയ 164 പേരും ഇതിൽ ഉൾപ്പെടുന്നു.
- ആകെ 10746 പേർ നിരീക്ഷണത്തിലാണ്.
- ജില്ലയിൽ വിവിധ പരിശോധനകൾക്കായി ഇതുവരെ ശേഖരിച്ച സാമ്പിളുകൾ

| ക്രമ നമ്പർ | പരിശോധനയുടെ പേര് | ഇന്നലെ വരെ ശേഖരിച്ചത് | ഇന്ന് ശേഖരിച്ചത് | ആകെ |
|---|---|---|---|---|
| 1 | ദൈനംദിന പരിശോധന (RTPCR Test) | 115249 | 746 | 115995 |
| 2 | റാപ്പിഡ് ആന്റിജൻ പരിശോധന (New) | 94078 | 1158 | 95236 |
| 3 | റാപ്പിഡ് ആന്റിജൻ (Repeat) | 3742 | 123 | 3865 |
| 4 | റാപ്പിഡ് ആന്റിബോഡി പരിശോധന | 485 | 0 | 485 |
| 5 | ട്രൂനാറ്റ് പരിശോധന | 3904 | 20 | 3924 |
| 6 | സി.ബി.നാറ്റ് പരിശോധന | 255 | 0 | 255 |
| **ആകെ ശേഖരിച്ച സാമ്പിളുകൾ** | | 217713 | 2047 | 219760 |

- കൂടാതെ ജില്ലയിലെ സ്വകാര്യ ലാബുകളിൽ നിന്ന് ഇന്ന് 1403 സാമ്പിളുകൾ ശേഖരിച്ചിട്ടു ്.
- ഗവൺമെന്റ് ലാബുകളിലും, സ്വകാര്യ ലാബുകളിലുമായി ഇന്ന് ആകെ 3450 സാമ്പിളുകൾ ശേഖരിച്ചിട്ടു ്.
- 1649 സാമ്പിളുകളുടെ ഫലം ലഭിക്കാനു ്.
- ജില്ലയിൽ കോവിഡ്-19 മൂലമുള്ള മരണനിരക്ക് 0.54 ശതമാനമാണ്. ജില്ലയുടെ ഇന്നത്തെ ടെസ്റ്റ് പോസിറ്റീവിറ്റി റേറ്റ് 8.25 ശതമാനമാണ്.
- ജില്ലാ മെഡിക്കൽ ആഫീസറുടെ കൺട്രോൾ റൂമിൽ 58 കോളുകളും, ജില്ലാ ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ 116 കോളുകളും ലഭിച്ചു.
- ക്വാറന്റൈനിലുള്ള ആളുകൾക്ക് നൽകുന്ന സൈക്കോളജിക്കൽ സപ്പോർട്ടിന്റെ ഭാഗമായി ഇന്ന് 1208 കോളുകൾ നടത്തുകയും, 13 പേർക്ക് കൗൺസിലിംഗ് നൽകുകയും ചെയ്തു.
- പ്രോഗ്രാം ആഫീസർമാരുടെയും മാനേജ്മെന്റ് ടീം ലീഡർമാരുടെയും റിവ്യൂ മീറ്റിംഗ്, ജില്ലാ മെഡിക്കൽ ആഫീസറുടെ ചേമ്പറിൽ വൈകുന്നേരം 4.30 ന് കൂടി.

**ജില്ലാ കളക്ടർ**
**പത്തനംതിട്ട**

## പച്ചമണ്ണ് കടത്ത് :ടിപ്പറുകളും ഹിറ്റാച്ചിയും പിടിച്ചെടുത്തു

പത്തനംതിട്ട : പച്ചമണ്ണ് കടത്തുമായി ബന്ധപ്പെട്ട് കോയിപ്പുറം പോലീസ് സ്റ്റേഷൻ പരിധിയിൽ *4* ടിപ്പർ ലോറികളും ഒരു ഹിറ്റാച്ചിയും പിടിച്ചെടുത്തു. ജില്ലാ പോലീസ് മേധാവിക്ക് കിട്ടിയ രഹസ്യവിവരത്തെത്തുടർന്നു ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി വൈ എസ് പി ആർ ജോസിന്റെപനിർദേശാനുസരണം ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് പോലീസുദ്യോഗസ്ഥരായ റാഫി, ശരത് എന്നിവർ ചേർന്നാണ് വാഹനങ്ങൾ പിടികൂടിയത്. അഞ്ചുപേരെ അറസ്റ്റ് ചെയ്തു, തുടർ നടപടികൾക്കായി വാഹനങ്ങളും പ്രതികളെയും കോയിപ്പുറം പോലീസിന് കൈമാറി. ഇത്തരം റയ്ഡുകൾ തുടരുമെന്നും, കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുമെന്നും ജില്ലാപോലിസ് മേധാവി അറിയിച്ചു. ടിപ്പർ ഡ്രൈവർമാരായ അയിരൂർ സ്വദേശികളായ ചെറുകോൽ പുഴ മണപ്പുറത്തു വീട്ടിൽ മനോജ് *( 3 7 ) ,* എടപ്പാവൂർ പൂവത്തുങ്കൽ രാജേഷ് *( 3 7 ) ,* തോട്ടപ്പുഴശ്ശേരി വയറൻകുന്നിൽ വീട്ടിൽ ഓമനക്കുട്ടൻ *( 4 9 ) ,* ചുവട്ടുപാറ ഓടലോലിൽ വീട്ടിൽ ജോമോൻ മാത്യു *( 2 7 ) ,* ഹിറ്റാച്ചി ഡ്രൈവർ അയിരൂർ കാഞ്ഞേറ്റ്കര കൊച്ചുമേലേതിൽ അനിൽ ആർ നായർ *( 4 1 )* എന്നിവരാണ് പിടിയിലായത്.കോയിപ്പുറം പോലീസ് തുടർന്നുള്ള നിയമനടപടികൾ കൈക്കൊണ്ടു.

ജില്ലാ പോലീസ് മേധാവി,

പത്തനംതിട്ട .

**പത്തനംതിട്ട ജില്ല**
**കോവിഡ് 19 കൺട്രോൾ സെൽ ബുള്ളറ്റിൻ**
**തീയതി. 25.11.2020**

.........................................................................................

പത്തനംതിട്ട ജില്ലയിൽ ഇന്ന് 287 പേർക്ക് കോവിഡ്-19 സ്ഥിരീകരിച്ചു. ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ ഒൻപതു പേർ വിദേശത്തുനിന്നു വന്നവരും, 12 പേർ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്നവരും, 266 പേർ സമ്പർക്കത്തിലൂടെ രോഗം ബാധിച്ചവരുമാണ്. ഇതിൽ സമ്പർക്കപശ്ചാത്തലം വ്യക്തമല്ലാത്ത 61 പേരു ് .

ഇന്ന് രോഗബാധിതരായവരുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക്:

ക്രമ നമ്പർ, തദ്ദേശസ്വയംഭരണ സ്ഥാപനം, രോഗബാധിതരായവരുടെ എണ്ണം എന്ന ക്രമത്തിൽ:

1 അടൂർ
(കണ്ണംകോട്, പറക്കോട്, പന്നിവിഴ, അടൂർ) 14
2 പന്തളം
(കുരമ്പാല, തോന്നല്ലൂർ, മങ്ങാരം, പൂഴിക്കാട്, മുടിയൂർകോണം, പന്തളം) 12
3 പത്തനംതിട്ട
(വെട്ടിപ്രം, കുമ്പഴ, കണ്ണംകര) 7
4 തിരുവല്ല
(ആലംതുരുതതി, മന്നംകരചിറ, മുത്തൂർ, കാവുംഭാഗം, കുറ്റപ്പുഴ) 10
5 ആനിക്കാട്
(ആനിക്കാട്, നൂറോമ്മാവ്) 5
6 ആറന്മുള 1
7 അരുവാപുലം
(കുമ്മണ്ണൂർ, നെല്ലിയ്ക്കാപ്പാറ, ഐരവൺ) 4
8 അയിരൂർ
(നെല്ലിയറ, കൈതകോടി, അയിരൂർ നോർത്ത്) 3
9 ചെന്നീർക്കര
(മുട്ടത്തുകോണം) 2
10 ചിറ്റാർ
(വില്ലൂന്നിപ്പാറ, ചിറ്റാർ) 4
11 ഏറത്ത്
(തുയവൂർ നോർത്ത്, വയല, നെല്ലിമുകൾ, വടക്കടത്തുകാവ്) 8
12 ഇലന്തൂർ
(ഇലന്തൂർ) 2
13 ഏനാദിമംഗലം 1

14 ഇരവിപേരൂർ
(ഇരവിപേരൂർ, ഓതറ വെസ്റ്റ്, വള്ളംകുളം) 7
15 ഏഴംകുളം
(കൈതപ്പറമ്പ്, ഏനാത്ത്, അറുകാലിക്കൽ വെസ്റ്റ്, തൊടുവക്കാട്,
ഇളങ്ങമംഗലം) 9
16 എഴുമറ്റൂർ
(വാളക്കുഴി, എഴുമറ്റൂർ) 5
17 കടമ്പനാട്
(തുവയൂർ, തുവയൂർ സൗത്ത്, മണ്ണടി, കടമ്പനാട് നോർത്ത്, കടമ്പനാട്)
24
18 കടപ്ര 1
19 കലഞ്ഞൂർ
(കൂടൽ, പാടം, കലഞ്ഞൂർ) 6
20 കല്ലൂപ്പാറ
(പരിയാരം, കല്ലൂപ്പാറ) 3
21 കവിയൂർ
(കവിയൂർ) 7
22 കൊടുമൺ
(ഐക്കാട്, കൊടുമൺ ഈസ്റ്റ്, അങ്ങാടിക്കൽ, കൊടുമൺചിറ) 16
23 കോയിപ്രം
(പുല്ലാട്) 3
24 കോന്നി
(മങ്ങാരം, പയ്യനാമൺ, അതുമ്പുംകുളം) 9
25 കോട്ടാങ്ങൽ
(കോട്ടാങ്ങൽ) 2
26
27 കോഴഞ്ചേരി
(മാരാമൺ, കോഴഞ്ചേരി) 3
28 കുളനട
(മാന്തുക, കുളനട, പനങ്ങാട്) 10
29 കുന്നന്താനം
(ആഞ്ഞിലിത്താനം, പാലയ്ക്കാതകിടി, കുന്നന്താനം) 8
30 കുറ്റൂർ
(തെങ്ങേലി, വെൺപാല, കുറ്റൂർ) 6
31 മല്ലപ്പള്ളി
(മല്ലപ്പള്ളി) 9
32 മെഴുവേലി
(ഉള്ളന്നൂർ, ഇലവുംതിട്ട) 3
33 മൈലപ്ര 1
34 നാറാണമ്മൂഴി

(കുടമുരുട്ടി, നാറാണമ്മൂഴി) 2
35 നാരങ്ങാനം 1
36 നെടുമ്പ്രം
(പൊടിയാടി, കല്ലുങ്കൽ, നെടുമ്പ്രം) 10
37 നിരണം
(നിരണം, നിരണം നോർത്ത്) 6
38 പള്ളിക്കൽ
(പാറക്കുട്ടം, പള്ളിക്കൽ, കരിമുളയ്ക്കൽ, പഴകുളം, പെരിങ്ങനാട്) 10
39 പന്തളം-തെക്കേക്കര
(കീരുകുഴി, പാറക്കര, തട്ട, മല്ലിക, പെരുംമ്പുളിയ്ക്കൽ) 11
40 പെരിങ്ങര
(ആലംതുരുത്തി, മേപ്രാൽ, ചാത്തങ്കേരി, പെരിങ്ങര) 10
41 പ്രമാടം 1
42 പുറമറ്റം
(വെണ്ണിക്കുളം, മു മല) 4
43 റാന്നി
(റാന്നി) 5
44 റാന്നി അങ്ങാടി 1
45 സീതത്തോട് 1
46 തണ്ണിത്തോട്
(എലിമുള്ളുംപ്ലാക്കൽ, കരിമാൻതോട്) 2
47 തോട്ടപ്പുഴശേരി
(മാരാമൺ, ചിറയിറമ്പ്) 4
48 തുമ്പമൺ
(തുമ്പമൺ) 2
49 വടശേരിക്കര
(പേഴുംപാറ, ചെറുകുളഞ്ഞി, വടശേരിക്കര) 9
50 വള്ളിക്കോട്
(വള്ളിക്കോട്) 2
51 മറ്റ് ജില്ലക്കാർ 1

പത്തനംതിട്ട ജില്ലയിൽ രോഗം സ്ഥിരീകരിച്ച ആന്ധ്ര സ്വദേശികളായ മൂന്നു പേരെ പ്രസ്തുത സംസ്ഥാനത്തിന്റെ ലിസ്റ്റിലേയ്ക്ക് മാറ്റിയിട്ടു ്.

ജില്ലയിൽ ഇതുവരെ ആകെ 19432 പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടു ്. ഇതിൽ 15634 പേർ സമ്പർക്കം മൂലം രോഗം സ്ഥിരീകരിച്ചവരാണ്. ഇന്ന് ജില്ലയിൽ കോവിഡ് ബാധിതനായ ഒരാളുടെ മരണം റിപ്പോർട്ട് ചെയ്തു. 1) നവംബർ ര ിന് രോഗബാധ സ്ഥിരീകരിച്ച പയ്യനാമൺ സ്വദേശിനി (64) നവംബർ 22ന് കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ വച്ച് മറ്റ് രോഗങ്ങൾ മൂലമുള്ള സങ്കീർണതകൾ കാരണം മരണമടഞ്ഞു.

കോവിഡ്-19 മൂലം ജില്ലയിൽ ഇതുവരെ 105 പേർ മരണമടഞ്ഞു. കൂടാതെ കോവിഡ് ബാധിതരായ 12 പേർ മറ്റ് രോഗങ്ങൾ മൂലമുള്ള സങ്കീർണതകൾ നിമിത്തം മരണമടഞ്ഞിട്ടു ്. ജില്ലയിൽ ഇന്ന് 169 പേർ രോഗമുക്തരായി. ആകെ രോഗമുക്തരായവരുടെ എണ്ണം 17384 ആണ്. പത്തനംതിട്ട ജില്ലക്കാരായ 1931 പേർ രോഗികളായിട്ടു ്. ഇതിൽ 1807 പേർ ജില്ലയിലും, 124 പേർ ജില്ലയ്ക്ക് പുറത്തും ചികിത്സയിലാണ്.

ജില്ലയിൽ ഐസൊലേഷനിലുള്ളവരുടെ എണ്ണം:

ക്രമനമ്പർ, ആശുപത്രികൾ/ സിഎഫ്എൽടിസി/ സിഎസ്എൽടിസി എണ്ണം

1 ജില്ലാ ആശുപത്രി കോഴഞ്ചേരി 111
2 റാന്നി മേനാംതോട്ടം സിഎസ്എൽടിസി 28
3 പന്തളം അർച്ചന സിഎഫ്എൽടിസി 63
4 കോഴഞ്ചേരി മുത്തൂറ്റ് സിഎസ്എൽടിസി 126
5 പെരുനാട് കാർമ്മൽ സിഎഫ്എൽടിസി 59
6 പത്തനംതിട്ട ജിയോ സിഎഫ്എൽടിസി 67
7 അടൂർ ഗ്രീൻവാലി സിഎഫ്എൽടിസി 74
8 നെടുമ്പ്രം സിഎഫ്എൽടിസി 34
9 മല്ലപ്പള്ളി സിഎഫ്എൽടിസി 64
10 കോവിഡ്-19 ബാധിതരായി വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവർ 836
11 സ്വകാര്യ ആശുപത്രികളിൽ 103
ആകെ 1565

ജില്ലയിൽ 3717 കോൺടാക്ടുകൾ നിരീക്ഷണത്തിൽ ഉ ്. വിദേശത്തുനിന്നും തിരിച്ചെത്തിയ 2884 പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ 4145 പേരും നിലവിൽ നിരീക്ഷണത്തിലാണ്. വിദേശത്തുനിന്നും ഇന്ന് തിരിച്ചെത്തിയ 126 പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇന്ന് എത്തിയ 164 പേരും ഇതിൽ ഉൾപ്പെടുന്നു.
ആകെ 10746 പേർ നിരീക്ഷണത്തിലാണ്.

ജില്ലയിൽ വിവിധ പരിശോധനകൾക്കായി ഇതുവരെ ശേഖരിച്ച സാമ്പിളുകൾ:

ക്രമനമ്പർ, പരിശോധനയുടെ പേര്, ഇന്നലെ വരെ ശേഖരിച്ചത്, ഇന്ന് ശേഖരിച്ചത്, ആകെ എന്ന ക്രമത്തിൽ:

1 ദൈനംദിന പരിശോധന (ആർടിപിസിആർ ടെസ്റ്റ്) 115249, 746, 115995.
2 റാപ്പിഡ് ആന്റിജൻ പരിശോധന (പുതിയത്) 94078, 1158, 95236.
3 റാപ്പിഡ് ആന്റിജൻ (വീ ും നടത്തിയത്) 3742, 123, 3865.

4 റാപ്പിഡ് ആന്റിബോഡി പരിശോധന 485, 0, 485.
5 ട്രൂനാറ്റ് പരിശോധന 3904, 20, 3924.
6 സി.ബി.നാറ്റ് പരിശോധന 255, 0, 255.
ആകെ ശേഖരിച്ച സാമ്പിളുകൾ 217713, 2047, 219760.

കൂടാതെ ജില്ലയിലെ സ്വകാര്യ ലാബുകളിൽ നിന്ന് ഇന്ന് 1403 സാമ്പിളുകൾ ശേഖരിച്ചിട്ടു ്. ഗവൺമെന്റ് ലാബുകളിലും, സ്വകാര്യ ലാബുകളിലുമായി ഇന്ന് ആകെ 3450 സാമ്പിളുകൾ ശേഖരിച്ചിട്ടു ്. 1649 സാമ്പിളുകളുടെ ഫലം ലഭിക്കാനു ്.
ജില്ലയിൽ കോവിഡ്-19 മൂലമുള്ള മരണനിരക്ക് 0.54 ശതമാനമാണ്.
ജില്ലയുടെ ഇന്നത്തെ ടെസ്റ്റ് പോസിറ്റീവിറ്റി റേറ്റ് 8.25 ശതമാനമാണ്.

ജില്ലാ മെഡിക്കൽ ഓഫീസറുടെ കൺട്രോൾ റൂമിൽ 58 കോളുകളും, ജില്ലാ ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ 116 കോളുകളും ലഭിച്ചു.
ക്വാറന്റൈനിലുള്ള ആളുകൾക്ക് നൽകുന്ന സൈക്കോളജിക്കൽ സപ്പോർട്ടിന്റെ ഭാഗമായി ഇന്ന് 1208 കോളുകൾ നടത്തുകയും, 13 പേർക്ക് കൗൺസിലിംഗ് നൽകുകയും ചെയ്തു.
പ്രോഗ്രാം ഓഫീസർമാരുടെയും മാനേജ്മെന്റ് ടീം ലീഡർമാരുടെയും റിവ്യൂ മീറ്റിംഗ്, ജില്ലാ മെഡിക്കൽ ഓഫീസറുടെ ചേമ്പറിൽ വൈകുന്നേരം 4.30 ന് കൂടി. ജില്ലാതല പ്ലാനിംഗ് മീറ്റിംഗ് രാവിലെ 10 ന് ജില്ലാ കളക്ടറുടെ ചേമ്പറിൽ കൂടി.